ഭരണഭാഷ മാതൃഭാഷ

നം.ജി 3/31727/2014/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: 01/06/2016

## പരിപത്രം

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - തിരുവനന്തപുരം - ഗവൺമെന്റ് കോളേജ് - പഠനയാത്രയ്ക്കുള്ള നിബന്ധനകൾ - സംബന്ധിച്ച്

സൂചന:- 31/10/2015 -ലെ ജി 3/31727/2015 നമ്പർ സർക്കുലർ.

*******

പഠനയാത്രയുമായി ബന്ധപ്പെട്ട് കോളേജുകളിൽ നിന്നും അപേക്ഷകൾ അയയ്ക്കുമ്പോൾ കോളേജ് പ്രിൻസിപ്പാൾമാർ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. പഠനയാത്രയ്ക്കുള്ള അപേക്ഷകൾ നിർബന്ധമായും ഒരു മാസം മുൻപേ ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്. ആവശ്യമായ രേഖകൾ ഇല്ലാതെയും നിശ്ചിത സമയപരിധിക്കു ശേഷവും ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. മുൻകൂട്ടിയുള്ള അനുമതി ലഭിച്ചതിനു ശേഷം മാത്രമേ പഠനയാത്ര/സംസ്ഥാനത്തിനു പുറത്തേയ്ക്കുള്ള വിനോദയാത്ര നടത്താൻ പാടുള്ളൂ.
3. നിശ്ചിത പ്രൊഫോർമയിൽ പ്രിൻസിപ്പാളിന്റെ ഒപ്പ്, സീൽ എന്നിവയോടു കൂടി വേണം അപേക്ഷകൾ സമർപ്പിക്കേണ്ടത്.
4. ഓരോ വിഷയത്തിനും പ്രത്യേക ആമുഖകത്ത് വച്ചു വേണം അപേക്ഷകൾ നൽകേണ്ടത്.
5. ടൂർ പ്രോഗ്രാമിന്റെ ഷെഡ്യൂൾ, വിദ്യാർത്ഥികളുടെ ലിസ്റ്റ് (ആൺ/പെൺ തിരിച്ച്) എന്നിവ പ്രിൻസിപ്പാൾ മേലൊപ്പ് വച്ച് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്.
6. ഹാൾട്ടിന് പരമാവധി 7 ദിവസമാണ് അനുവദിച്ചിരിക്കുന്നത്.
7. ബി.എസ്.സി/എം.എസ്.സി വിദ്യാർത്ഥികളുടെ പഠനയാത്രയ്ക്ക് ആവശ്യമെങ്കിൽ ഒരു അറ്റൻഡറെ കൂടി ഉൾപ്പെടുത്താവുന്നതാണ്.

8. പഠനയാത്ര പാഠ്യപദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് എന്ന് എച്ച്.ഒ.ഡി യുടെ സർട്ടിഫിക്കറ്റ് പ്രിൻസിപ്പാൾ മേലൊപ്പ് വച്ചത് അപേക്ഷയിൽ ഉൾപ്പെടുത്തേണ്ടതും അതോടൊപ്പം സിലബസ്സിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

9. ആമുഖ കത്തിലും പ്രൊഫോർമയിലും വിനോദയാത്രയാണോ പഠനയാത്രയാണോ എന്ന് വ്യക്തമായി രേഖപ്പെടുത്തണം.

10. 20:1 എന്ന വിദ്യാർത്ഥി - അദ്ധ്യാപക അനുപാതത്തിൽ വേണം അദ്ധ്യാപകരെ നിയോഗിക്കാൻ സ്ഥിരം അദ്ധ്യാപകരെ മാത്രമേ പഠനയാത്രയിൽ അനുഗമിക്കാൻ നിയോഗിക്കാൻ പാടുള്ളൂ.

11. പെൺകുട്ടികൾ ഉൾപ്പെടുന്ന പഠനയാത്രയിൽ ഒരു അദ്ധ്യാപികയെ കൂടി ഉൾപ്പെടുത്തേണ്ടതാണ്.

ഒപ്പ്/-
ഡോ. എ.എൻ. പത്മകുമാരി
കോളേജ് വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർ
(ഇൻ ചാർജ്)

//അംഗീകാരത്തോടെ//

സൂപ്രണ്ട്

വൈ.റ്റി 18/6/16

391420
GOVERNMENT OF KERALA